MONDAY

തിങ്കളാഴ്ച

05/01/2026

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : SINDHU. KS**    **Editor : Dr. G.Pramodkumar**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 05/01/2026

1. കേരള കാർഷിക സർവ്വകലാശാലയും കാർഷികവികസന കർഷകക്ഷേമ വകുപ്പും സംഘടിപ്പിക്കുന്ന പൂപ്പൊലി അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ നടക്കുന്നു. വർണ്ണ പുഷ്പങ്ങളുടെയും അലങ്കാര സസ്യങ്ങളുടെയും വൈവിധ്യമാർന്ന ഉദ്യാനമാണ് മേളയുടെ സവിശേഷത. പെറ്റൂണിയ, ഡാലിയ, ആസ്റ്റർ, ഡയാന്തസ്, മാരിഗോൾഡ്, സൺഫ്ലവർ, സിനിയ, കോസ്മോസ്, ഫ്ലോക്സ്സ്, ലിലിയം. പാൻസി. സാൽവിയ, വെർബിന, ഗോംഫ്രീന, സ്റ്റോക്ക്, കലൻഡുല, പൈറോസ്റ്റിജിയ തുടങ്ങിയ പുഷ്പങ്ങളും ഡ്രസീന, കാലിഷ്യ, സെബ്രീന, റിയോ, സെഡം തുടങ്ങിയ അലങ്കാര ചെടികളും മേളയുടെ പ്രധാന ആകർഷണങ്ങളാണ്. കൂടാതെ വിവിധ പുഷ്പാലങ്കാര മാതൃകകൾ, ഫ്ലോറൽ ക്ലോക്ക്, ഭക്ഷ്യയോഗ്യമായ സസ്യങ്ങളുടെ അലങ്കാരോദ്യാനം, ടോപ്പിയറികൾ, ഫ്ലോട്ടിങ് ഗാർഡൻ, മെലസ്റ്റോമ ഗാർഡൻ, റോസ് ഗാർഡൻ, കുട്ടികൾക്കായുള്ള പാർക്ക്, പലതരം റൈഡുകൾ എന്നിവയും പ്രദർശനത്തിന്റെ മാറ്റ് കൂട്ടുന്നു. മലയോര മേഖലയിലെ കാർഷിക പ്രശ്നങ്ങളും ആനുകാലിക

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പ്രസക്തിയുള്ള വിഷയങ്ങളും ഉൾപ്പെടുത്തി വിദഗ്ധർ കൈകാര്യം ചെയ്യുന്ന കാർഷിക ശില്പശാലകളും സെമിനാറുകളും കാർഷിക ക്ലിനിക്കുകളും മേളയുടെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ നൂതന സാങ്കേതിക വിദ്യകളുടെയും മികച്ചയിനം നടീൽ വസ്തുക്കളുടെയും കാർഷിക ഉൽപന്നങ്ങളുടെയും പ്രദർശന, വിപണന മേളയും ഉണ്ടായിരിക്കുന്നതാണ്. സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, കർഷക കൂട്ടായ്മകൾ, പ്രമുഖ കർഷകർ എന്നിവരുടെ സ്റ്റാളുകളും സന്ദർശകർക്കായി സജ്ജീകരിച്ചിട്ടുണ്ട്. പൂപ്പൊലിയുടെ ഭാഗമായി സായാഹ്നങ്ങളിൽ ദീപാലങ്കാരങ്ങളും കലാപരിപാടികളും ഒരുക്കിയിട്ടുണ്ട്. വിജ്ഞാനവും വിനോദവും പ്രദാനം ചെയ്യുന്നതാണ് ഈ വർഷത്തെ പൂപ്പൊലി. പൂപ്പൊലി ജനുവരി 15 ന് സമാപിക്കും.

2. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് ഏഴാം ഘട്ടത്തിനും ചർമ രോഗപ്രതിരോധ കുത്തിവയ്പ്പ് മൂന്നാം ഘട്ടത്തിനും സംസ്ഥാനത്ത് തുടക്കമായി. 2026 ജനുവരി 23 വരെ, 30 പ്രവൃത്തി ദിവസം കൊണ്ട് ഈ യജ്ഞം പൂർത്തീകരിക്കാനാണ് വകുപ്പ് ലക്ഷ്യമിട്ടുന്നത്. 4 മാസത്തിനു

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മുകളിൽ പ്രായമുള്ള പശു, എരുമ വർഗ്ഗത്തിൽപ്പെട്ട മുഴവൻ ഉരുക്കളെയും കുളമ്പുരോഗ കുത്തിവയ്പ്പിന് വിധേയമാക്കും. ചർമ്മ മുഴരോഗ പ്രതിരോധ കുത്തിവെയ്പ്പ് 4 മാസത്തിനു മുകളിൽ പ്രായമുള്ള പശു വർഗ്ഗത്തിൽപ്പെട്ട ഉരുക്കൾക്കു മാത്രമാണ് നൽകുന്നത്. മൃഗസംരക്ഷണ വകുപ്പിൽ നിന്നും നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ ടീമുകൾ കർഷകരുടെ വീട്ടുപടിക്കൽ എത്തി തികച്ചും സൗജന്യമായാണ് ഉരുക്കൾക്കു പ്രതിരോധ കുത്തിവെപ്പുകൾ നൽകുന്നത്.

3. വെള്ളായണി കാർഷിക കോളേജിലെ Genetics & Plant Breeding വിഭാഗത്തിൽ മൂന്ന് അസിസ്റ്റന്റ് പ്രൊഫസർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. പ്രതിമാസം പരമാവധി വേതനം നിലവിൽ 44,100/- രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. കരാർ അടിസ്ഥാനത്തിൽ പരമാവധി ഒരു വർഷത്തേക്കോ, സ്ഥിരനിയമനം/ സ്ഥലംമാറ്റം മുഖേന ഒഴിവു നികത്തൽ നടത്തുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ ഉള്ള കാലയളവിലേക്കാണ് നിയമനം. യോഗ്യരായ ഉദ്യോഗാർത്ഥികൾ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

വിദ്യാഭ്യാസയോഗ്യത, പ്രവർത്തി പരിചയം, ജനന തീയതി, വയസ്സ്, ജാതി, മേൽവിലാസം തുടങ്ങിയവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റ്കൾ, തിരിച്ചറിയൽ രേഖ, സംവരണത്തിന് അർഹരാണെന്ന് തെളിയിക്കുന്ന രേഖകൾ - എന്നിവയുടെ അസ്സൽ, അവയുടെ സ്വയം സാക്ഷ്യപ്പെട്ടുത്തിയ പകർപ്പുകൾ എന്നിവ സഹിതം തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജ്, ഡീൻ ഓഫ് ഫാക്കൽറ്റിയുടെ ഓഫീസിൽ ജനുവരി 07-ന് (07/01/2026) രാവിലെ 09.30 മണിക്ക് ഹാജരാകേണ്ടതാണ്. വിശദ വിവരങ്ങൾക്ക് www.kau.in എന്ന വെബ്സൈറ്റിലെ ടി നിയമനവുമായി ബന്ധപ്പെട്ടുള്ള വിജ്ഞാപനം കാണുക. ഫോൺ : 0471-2381002.

## പരിശീലന പരിപാടി

4. റബ്ബർപാൽസംഭരണം, സാന്ദ്രീകരണം, ലാറ്റക്സ് കോമ്പൗണ്ടിങ്, ഉത്പന്നങ്ങളുടെ രൂപകൽപന, ഗുണമേന്മ നിയന്ത്രണം; റബ്ബർബാൻഡ്, കൈയ്യുറ, ഫോം റബ്ബർ, റബ്ബർനൂൽ, ബലൂൺ, റബ്ബർപശ, കയർ ഫോം, കാർപെറ്റ് ബായ്ക്കിങ് തുടങ്ങിയ ഉത്പന്നങ്ങളുടെ നിർമാണം എന്നിവയിലുള്ള പരിശീലനം ജനുവരി 12 മുതൽ 16 വരെ

ff



കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വച്ച് നടക്കും. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 9497487209 എന്ന ഫോൺ നമ്പരിലോ 04812353201 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടേണ്ടതാണ്.

**കാർഷിക നിർദേശം**

5. പച്ചക്കറിവിളകളിൽ മീലിമൂട്ടകൾ, ശല്കകീടങ്ങൾ എന്നിവയെ നിയന്ത്രിക്കാനുള്ള വെർട്ടിസീലിയം, ഇലതീനി പുഴുക്കൾക്കെതിരെയുള്ള ബ്യൂവേറിയ ബാസിയാന, ചിതൽ, വേരുതീനി പുഴുക്കൾ എന്നിവയ്ക്കെതിരെയുള്ള മെറ്റാറൈസിയം എന്നിവ വെള്ളാനിക്കര ഹോർട്ടിക്കൾച്ചർ കോളേജിലെ ജൈവകീടരോഗ നിയന്ത്രണ വിഭാഗത്തിലും മണ്ണുത്തിയിലെ യൂണിവേഴ്സിറ്റി വില്പനകേന്ദ്രത്തിലും (0487-2370540) കണ്ണാറവാഴ ഗവേഷണകേന്ദ്രത്തിലും (0487-2699087) ലഭ്യമാണ്. 20 ഗ്രാം വരെ ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് കലക്കി ചെടികളില് തളിച്ചുകൊടുക്കണം.